**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5282** **02-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലേ ഫോർ ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി. ടി. എ. റഹീം | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്പോർട്സ് സ്കൂളുകളിലേക്കും സ്പോർട്സ് കൗൺസിലിന്റെ അക്കാദമികളിലേക്കുമുള്ള സെലക്ഷൻ നടപടികളുടെ നിലവാരം ഉയർത്തി കൂടുതൽ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കായിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് നിലവാരം ഉയർത്തി കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചു വരികയാണ്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്കൂൾ, സ്പോർട്സ് അക്കാഡമികളിലേക്ക് ഈ വർഷം അത്ലറ്റിക്സ്, ഫുട്ബോൾ, വോളീബോൾ എന്നീ കായികയിനങ്ങളിലേക്ക് എല്ലാ ജില്ലയിലും വച്ചും മറ്റു കായികയിനങ്ങൾക്ക് ആറ് ജില്ലകളിൽ വച്ചും സോണൽ സെലക്ഷൻ നടത്തുകയുണ്ടായി. കോളേജ് സ്പോർട്സ് അക്കാഡമികളിലേക്കുള്ള സെലക്ഷൻ നടത്തിയത് അതാത് കോളേജും ജില്ലാ സ്പോർട്സ് കൗൺസിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും സംയുക്തമായിട്ടാണ്. മേൽ സെലക്ഷൻ നടപടികൾ സുതാര്യവും പരാതിരഹിതവുമായി നടത്തുന്നതിന് പ്രത്യേകശ്രദ്ധ പുലർത്തിയിട്ടുണ്ട്. |
| (ബി) | പ്രൈമറി വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാർ ആരംഭിച്ച പ്ലേ ഫോർ ഹെൽത്ത് പദ്ധതി നിലവിലുണ്ടോ; എങ്കിൽ പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലാണ് നിലവിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ സ്കൂളുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക വകുപ്പും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയും സഹകരിച്ചുള്ള | (സി) | കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് |

| | | | |
|---|---|---|---|
| | പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | | എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ട്ണർഷിപ്പ് നടപ്പിലാക്കി വരുന്നു. പദ്ധതിയ്ക്കായി 2018ൽ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 2020-21ൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തി. സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് കോച്ചിംഗ്, ഇവന്റ് ഓർഗനൈസേഷൻ, കായിക സൗകര്യങ്ങളുടെ പ്രവർത്തനം, സ്പോർട്സ് മാർക്കറ്റിംഗ്, കായിക ഇടപെടൽ എന്നീ വിഷയങ്ങളിലാണ് ട്രെയിനിംഗ് നടത്തിയത്. കേരള സ്പോർട്സ് കൗൺസിലിലെ പരിശീലകർ, ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ പരിശീലകർ/കായിക അദ്ധ്യാപകർ, കായികയുവജനകാര്യാലയത്തിലെ ഉദ്യോഗസ്ഥർ, കായിക എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെടെ 20 പേർക്കാണ് പ്രസ്തുത പരിശീലനം നൽകിയിട്ടുള്ളത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം പരിശീലന പരിപാടിയിൽ പങ്കെടുത്ത ട്രെയിനേഴ്സ് വഴി മറ്റ് പരിശീലകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ